# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 519 : 27/09/2011 -ൽ മറുപടിക്ക്**

**മൈക്രോ, ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനം**

**ചോദ്യം** **ഉത്തരം**

**ശ്രീ. ജോസഫ് വാഴക്കൻ :**
**ശ്രീ. വി. പി. സജീന്ദ്രൻ :**
**ശ്രീ. ഷാഫി പറമ്പിൽ :**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൈക്രോ, ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്ന തെന്നു വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മൈക്രോ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>1. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി ലഭ്യതക്കനുസരിച്ച് നൽകുന്നു.<br>2. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കാൻ സഹായിക്കുന്നു.<br>3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകുന്നു. |

| | | | |
|---|---|---|---|
| | | | 4. വനിതാ വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു. പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം പരമാവധി 3 ലക്ഷം രൂപ ഇവർക്ക് ഗ്രാന്റായി നൽകുന്നു.<br>5. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ.<br>6. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നൽകുന്നു.<br>7. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുക.<br>8. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുക.<br>9. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ, സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.<br>11. കാർഷികാധിഷ്ഠിത ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | സംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.<br>12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.<br>14. സാങ്കേതിക വിദ്യാ വികസന നിധി.<br>15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലാബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.<br>17. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഇവർക്ക് വൈദ്യുത നിരക്ക് വർദ്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | ഇവരുടെ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡായി വിപണിയിലെത്തിക്കുമോ; | (സി) | ഇവരുടെ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡായി വിപണിയിലെത്തിക്കുന്നതിന് നിലവിൽ പദ്ധതികൾ ഒന്നും ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | വനിതാ സംരംഭകർക്ക് മുൻഗണന നൽകുമോ എന്നറിയിക്കുമോ? | | വനിതാ സംരംഭകർക്ക് മുൻഗണന നൽകി വരുന്നു. വനിത വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻ മണി ഗ്രാന്റും നൽകുന്നതിനായി 2009-10 വർഷം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് Women Industries Scheme (WIS) സ്ത്രീ സംരംഭകർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻഗണനയും പ്രോത്സാഹനവും ആത്മവിശ്വാസവും നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം ഗ്രാന്റായി നൽകുന്നു. വിപണന സഹായത്തിനും പരിശീലനത്തിനും ഈ പദ്ധതിയിൽ സംവിധാനമുണ്ട്. വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി വിഹിതവും മെഷിനറി ഗ്രാന്റും നൽകി വരുന്നു.<br>വനിത വ്യവസായ സംരംഭകർ നടത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് മുതൽ മുടക്കിന്റെ 5 % അധിക ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി പരമാവധി ഒരു ലക്ഷം രൂപ വരെ സാധാരണ സബ്സിഡിക്കു പുറമെ ലഭിക്കുന്നു. കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയുടെ നിക്ഷേപത്തിന്റെ പകുതി പരമാവധി യഥാക്രമം 50000 രൂപയും 75000 രൂപയും |

| | | | |
|---|---|---|---|
| | | | ഗ്രാന്റായി നൽകുന്ന വനിതാ വ്യവസായ പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി എം ഇ ജി പി) സ്കീമിൽ വനിതാ സംരംഭകർക്കു വർദ്ധിച്ച നിരക്കിലുള്ള സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ